# സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം (CBS)
# മാർഗ്ഗനിർദ്ദേശങ്ങൾ (ടൂൾകിറ്റ് )

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ

Kerala.HEALTH

വീണാ ജോർജ്
ആരോഗ്യ, വനിതാ ശിശുവികസന വകുപ്പമന്ത്രി
കേരള സർക്കാർ



**സന്ദേശം**

രാജ്യത്താദ്യമായി ഏകാരോഗ്യം പരിപാടി നടപ്പിലാക്കിക്കൊണ്ട് പൊതുജനാരോഗ്യ രംഗത്ത് വീണ്ടും മാതൃക സൃഷ്ടിച്ചിരിക്കുകയാണ് കേരളം. കോവിഡ്, നിപ്പ തുടങ്ങിയ മഹാമാരികൾ ഉണ്ടാക്കിയ പ്രത്യാഘാതങ്ങളുടെയും അനുഭവങ്ങളുടെയും വെളിച്ചത്തിലാണ് ഏകാരോഗ്യം പരിപാടി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചത്. ആർദ്രം മിഷന്റെ ഭാഗമായി 2022 മെയ് മാസത്തിൽ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ആരംഭിച്ച പരിപാടി, അതിന്റെ നാലാം വർഷ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പരിപാടി മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കും. ഏകാരോഗ്യം പരിപാടിയുടെ പ്രധാന ഘടകമായ സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം ( Community Based Surveillance – സി ബി എസ് ) തദ്ദേശ സർക്കാർ തലത്തിൽ നടപ്പിലാക്കുക എന്നതാണ് നാലാം വർഷ ലക്ഷ്യം. സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം ശക്തിപ്പെടുത്തുന്നതിലൂടെ, രോഗപ്രതിരോധവും നിയന്ത്രണവും സാദ്ധ്യമാക്കുന്നതിനും ഭാവിയിൽ ഉണ്ടാകാനിടയുള്ള മഹാമാരികളെയും പ്രാദേശിക രോഗവ്യാപനങ്ങളെയും കൂടുതൽ ഫലപ്രദമായി നേരിടുന്നതിനും നമുക്ക് സാധിക്കും. സമൂഹത്തിലെ ഓരോ പൗരനും ആരോഗ്യസംരക്ഷണവുമായി ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങൾ നിറവേറ്റാനുള്ള അവസരങ്ങളും അനുയോജ്യമായ അന്തരീക്ഷവും ഒരുക്കിക്കൊടുക്കുകയും അതിലൂടെ ജനങ്ങളുടെ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുകയുമാണ് സി ബി എസ് ലൂടെ വിഭാവനം ചെയ്യുന്നത്. ജനപങ്കാളിത്തവും വിവിധ വകുപ്പുകളുടെ ഏകോപനവും സി ബി എസ് നടപ്പിലാക്കുന്നതിനും ആവശ്യമാണ്. സി ബി എസ് ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളാണ് ഈ ടൂൾകിറ്റിൽ അടങ്ങിയിട്ടുള്ളത്. സെന്റർ ഫോർ വൺ ഹെൽത്ത് കേരളയുടെ നേതൃത്വത്തിൽ, ഏകാരോഗ്യം പരിപാടിയുടെ പ്രവർത്തന പങ്കാളികളുമായി ചർച്ച ചെയ്ത് ഈ ടൂൾകിറ്റ് തയ്യാറാക്കുന്നതിനു സഹകരിച്ച മുഴുവൻ പേരെയും അഭിനന്ദിക്കുന്നു. കേരളത്തിലെ മുഴുവൻ തദ്ദേശ സർക്കാരുകളിലും സി ബി എസ് നടപ്പിലാക്കുന്നതിനും പൊതുജനാരോഗ്യ രംഗത്ത് പുതിയ മുന്നേറ്റമുണ്ടാക്കുന്നതിനും ഈ ടൂൾകിറ്റ് സഹായിക്കും എന്ന് പ്രതീക്ഷിക്കുന്നു.

വീണാ ജോർജ്



ഡോ. രാജൻ N ഖോബ്രഗഡെ IAS,
അഡീഷണൽ ചീഫ് സെക്രട്ടറി,
ആരോഗ്യ, കുടുംബ ക്ഷേമം & ആയുഷ് വകുപ്പ്
കേരള സർക്കാർ

## അവതാരിക

പുതിയതരം മഹാമാരികൾ റിപ്പോർട്ട് ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഏകാരോഗ്യം എന്ന ആശയത്തിന് ആഗോളതലത്തിൽത്തന്നെ സ്വീകാര്യത ലഭിച്ചു വരികയാണ്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ ഏകാരോഗ്യം പരിപാടി ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ്, അതിൽ പലതും ആസൂത്രണഘട്ടത്തിലാണുള്ളത്.

കേരളം ഏകാരോഗ്യം പരിപാടി നടപ്പിലാക്കുന്നതിനുള്ള നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. പമ്പാബേസിൻ ജില്ലകളായ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നിവിടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്ന പരിപാടി, ലഭിക്കുന്ന അറിവുകളുടെ അടിസ്ഥാനത്തിൽ മറ്റ് ജില്ലകളിലേക്ക് പരിപാടി വ്യാപിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. 2022 മെയ് മാസത്തിലാണ് പരിപാടി ആരംഭിച്ചത്. പരിപാടിയുടെ സുഗമമായ നടത്തിപ്പിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഭരണനിർവ്വഹണ സംവിധാനങ്ങൾ രൂപീകരിച്ചിട്ടുണ്ട്. തദ്ദേശ സർക്കാരുകൾ വഴി പരിപാടി നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. സംസ്ഥാനതലത്തിൽ സെൻറർ ഫോർ വൺ ഹെൽത്ത് കേരളയും ജില്ലാതലത്തിൽ നിർവ്വഹണയൂണിറ്റുകളും പരിപാടിയുടെ രൂപീകരണത്തിനും ആസൂത്രണത്തിനും നടപ്പാക്കലിനും വേണ്ടി രൂപീകരിച്ചിട്ടുണ്ട്.

ഏകാരോഗ്യം പരിപാടിയുടെ ഒരു പ്രധാന ഘടകമാണ് സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം. വിവിധ വകുപ്പുകളിലെ വിദഗ്ധരുമായി പലതവണ ചർച്ചചെയ്താണ് സംസ്ഥാനത്തു നടപ്പിലാക്കേണ്ട സി.ബി.എസ് സംവിധാനത്തിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. തദ്ദേശ സർക്കാരുകളുടെയും ആരോഗ്യ, ആനുബന്ധ വകുപ്പുകളുടെയും പിന്തുണയോടെ സമൂഹം നയിക്കുന്ന പരിപാടിയായിട്ടാണ് സി.ബി.എസ് വിഭാവനം ചെയ്തിട്ടുള്ളത്. ആരോഗ്യ, കുടുംബക്ഷേമ വകുപ്പിനാണ് പിരിപാടിയുടെ ഏകോപന ചുമതല. സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സർക്കാരുകളിലും സി.ബി.എസ് സംവിധാനം നടപ്പിലാക്കുന്നതിനാണ് ലക്ഷ്യം വച്ചിട്ടുള്ളത്. രോഗങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനങ്ങൾ സംസ്ഥാന, ജില്ലാ തലങ്ങളിൽ രൂപീകരിക്കും. ഈ സമീപനം സംസ്ഥാനത്തെ പകർച്ചവ്യാധി നിയന്ത്രണ സംവിധാനങ്ങളെ ശക്തിപ്പെടുത്തും എന്ന് എനിക്കുറപ്പുണ്ട്. തദ്ദേശ സർക്കാരുകളിൽ സി.ബി.എസ് സംവിധാനം രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും വിവിധ തലങ്ങളിലുള്ള ഇതിന്റെ പ്രവർത്തന പങ്കാളികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനാണ് ഈ ടൂൾകിറ്റ് തയ്യാറാക്കിയിട്ടുള്ളത്.

സി ബി എസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കായി പരിശീലന പരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ട്. തദ്ദേശ സർക്കാർ തലത്തിൽ സി.ബി.എസ് സംവിധാനവുമായി ചേർന്നുപ്രവർത്തിക്കുന്ന വൺ ഹെൽത്ത് മെൻറർമാർക്കും സന്നദ്ധ പ്രവർത്തകർക്കും നിരന്തരമായ പിന്തുണ ആവശ്യമായേക്കാം. ഒരു പരിധിവരെ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ സി.ബി.എസ് ടൂൾകിറ്റിന് ഈ ആവശ്യം നിറവേറ്റാൻ സാധിക്കും.

ഏകാരോഗ്യം പരിപാടിക്ക് പിന്തുണ നൽകുന്നതിനും രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിൽ ഏകാരോഗ്യം പരിപാടി നടപ്പിലാക്കുന്നതിനും ഈ ടൂൾകിറ്റ് ഉപകാരപ്പെടും എന്ന് വിശ്വസിക്കുന്നു.

ഈ ടൂൾകിറ്റ് തയ്യാറാക്കിയതിന് സെൻറർ ഫോർ വൺ ഹെൽത്ത് കേരളയെ അഭിനന്ദിക്കുന്നു. ടൂൾകിറ്റ് തയ്യാറാക്കുന്നതിനാവശ്യമായ സാങ്കേതികസഹായങ്ങൾ നൽകിയ COH-K ടീം, ഡോ. ദിലീപ്കുമാർ, ഡോ. ഹരികുമാർ, ഡോ. അജൻ , ഡോ. സീനിയ നുജ്ജും, ശ്രീ.സതീഷ് ചന്ദ്രൻ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു.

നന്ദി

ഡോ. രാജൻ N ഖോബ്രഗഡെ IAS

# വൺ ഹെൽത്ത്

മനുഷ്യരും സസ്യ, ജന്തുജാലങ്ങളും അവയുൾപ്പെടുന്ന പരിസ്ഥിതിയും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് മനസ്സിലാക്കിക്കൊണ്ട് അവയെ പൊതുവായി ബാധിക്കുന്ന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിനുള്ള ഒരു സമഗ്രപരിപാടിയാണ് ഏകാരോഗ്യം (വൺ ഹെൽത്ത്). പുതിയതരം പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതിനാലും ലോകത്തെവിടെയുമുണ്ടാകുന്ന പകർച്ചവ്യാധികൾ വളരെപ്പെട്ടെന്നുതന്നെ കേരളത്തിലേക്ക് എത്തുന്നതരത്തിൽ ആഗോളതലത്തിൽ വ്യാപരിക്കുന്ന ഒരു സമൂഹമായതിനാലുമാണ് നവകേരളം കർമ്മപദ്ധതി – 2 ന്റെ ഭാഗമായി ഏകാരോഗ്യം പരിപാടി നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. 2022 മെയ് മാസത്തിൽ ആരംഭിച്ച പരിപാടി നിലവിൽ പമ്പാ നദീതട ജില്ലകളായ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിലാണ് നടപ്പിലാക്കിവരുന്നത്. ബാക്കിയുള്ള 10 ജില്ലകളിലേക്കുകൂടി വ്യാപിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

ഏകാരോഗ്യം പരിപാടിയുടെ ഒരു പ്രധാന ഘടകമാണ് സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം (സി.ബി.എസ്). പ്രദേശവാസികളുടെ പങ്കാളിത്തത്തോടെ പകർച്ചവ്യാധികൾ എത്രയും നേരത്തെ കണ്ടെത്തി, അവ തടയുകയും പ്രത്യാഘാതങ്ങൾ കുറയ്ക്കുകയും ചെയ്യുന്നതിനുള്ള സംവിധാനമാണ് സി.ബി.എസ്.

**<u>ലക്ഷ്യങ്ങൾ</u>**

1. ഏകാരോഗ്യ സമീപനത്തിലധിഷ്ഠിതമായി രോഗനിരീക്ഷണവും മാർഗ്ഗനിർദ്ദേശപ്രകാരം ആവശ്യമായ ഇടപെടലുകളും നടത്തുന്നതിന് സമൂഹത്തെ പ്രാപ്തമാക്കുക.
2. രോഗനിരീക്ഷണവുമായി ബന്ധപ്പെട്ട വിവരങ്ങൾ സമൂഹത്തിൽനിന്നും ആരോഗ്യ സ്ഥാപനങ്ങളിലേക്കും അനുബന്ധ വകുപ്പുകളിലേക്കും കൈമാറ്റം ചെയ്യുന്നത് ശാക്തീകരിക്കുക.
3. രോഗവ്യാപനം എത്രയും നേരത്തെ കണ്ടെത്തി, ആവശ്യമായ ഇടപെടലുകൾ നടത്തി, അവയെ നിയന്ത്രിക്കുന്നതിനായി ജനപങ്കാളിത്തത്തോടെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക.

സൂചകങ്ങൾ അടിസ്ഥാനമാക്കിയും (Indicator Based surveillance) അസ്വാഭാവിക സംഭവങ്ങൾ അടിസ്ഥാനമാക്കിയുമുള്ള (Event Based Surveillance) നിരീക്ഷണമാണ് സി.ബി.എസ് സംവിധാനത്തിൽ വിവരശേഖരണത്തിനായി സ്വീകരിക്കുന്നത്. നാട്ടിൽ സാധാരണയായി കാണപ്പെടുന്ന രോഗങ്ങൾ തിരിച്ചറിയാൻ സന്നദ്ധപ്രവർത്തകരെ പരിശീലിപ്പിക്കുകയാണ് സൂചകങ്ങൾ അടിസ്ഥാനമാക്കിയുള്ള രോഗനിരീക്ഷണത്തിൽ ചെയ്യുന്നത്. പരിശീലനം സിദ്ധിച്ച ആരോഗ്യ പ്രവർത്തകരും സംവിധാനങ്ങളും സംസ്ഥാനത്ത് നിലവിലുള്ളതിനാൽ അസ്വാഭാവിക സംഭവങ്ങൾ അടിസ്ഥാനമാക്കിയുള്ള നിരീക്ഷണത്തിനാണ് സി ബി എസ് –ൽ പ്രാധാന്യം കൊടുക്കുന്നത്.

ഒരു പ്രദേശത്തെ മനുഷ്യരുടെയും പക്ഷി, മൃഗാദികളുടെയും പരിസ്ഥിതിയുടെയും ആരോഗ്യത്തെ/സുസ്ഥിതിയെ ബാധിക്കാവുന്ന തരത്തിലുള്ള അസ്വാഭാവിക സംഭവങ്ങൾ നിരന്തര നിരീക്ഷണത്തിലൂടെ കണ്ടെത്തി, ബന്ധപ്പെട്ട അധികാരികൾക്ക് റിപ്പോർട്ട് ചെയ്യുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സംവിധാനങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നതാണ് ഇവന്റ് ബേസ്ഡ് സർവെയ്‌ലൻസ്. ഇതിനായി സന്നദ്ധ പ്രവർത്തകരെ പരിശീലനം നൽകി പ്രാപ്തരാക്കുന്നു.

സന്നദ്ധപ്രവർത്തകർ നിരീക്ഷണത്തിലൂടെ കണ്ടെത്തുന്ന അസ്വാഭാവിക സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത ആപ്ലിക്കേഷൻ തയ്യാറാകുന്നതുവരെ താഴെപ്പറയുന്നവയിൽ ഏതെങ്കിലും മാർഗ്ഗങ്ങൾ റിപ്പോർട്ടിങ്ങിനായി അവലംബിക്കാവുന്നതാണ്.

- വാർഡ് മെമ്പർ/ഡിവിഷൻ കൗൺസിലറെ നേരിട്ടുകണ്ടോ ഫോൺ / വാട്സാപ്പ് മുഖാന്തിരമോ വിവരം അറിയിക്കുക.
- തദ്ദേശ സർക്കാർ തലത്തിലെ വൺ ഹെൽത്ത് മെന്ററെ അറിയിക്കുക.
- കണ്ടെത്തുന്ന അസ്വാഭാവിക സംഭവങ്ങൾ ആരോഗ്യവകുപ്പിൽ ജനകീയ ആരോഗ്യകേന്ദ്രം ടീമിനെയും മറ്റുവകുപ്പുകളിൽ ബന്ധപ്പെട്ട വകുപ്പിലെ തദ്ദേശ സർക്കാർതല തലവനെയും അറിയിക്കുക.

**ഏകാരോഗ്യം പരിപാടിയുടെ സന്നദ്ധപ്രവർത്തകർ നിരീക്ഷിക്കുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്യേണ്ട പൊതുജനാരോഗ്യത്തെ ബാധിക്കാവുന്ന അസ്വാഭാവിക സംഭവങ്ങൾ ചുവടെ ചേർക്കുന്നു.**

| നം | ഏകാരോഗ്യം പരിപാടിയുടെ സന്നദ്ധപ്രവർത്തകർ നിരീക്ഷിക്കുകയും റിപ്പോർട്ടുചെയ്യുകയും ചെയ്യേണ്ടതായ പൊതുജനാരോഗ്യത്തെ ബാധിക്കാവുന്ന അസാധാരണ സംഭവങ്ങൾ | റിപ്പോർട്ട് ചെയ്യേണ്ട വകുപ്പ് (വാർഡ് മെമ്പർ/ഡിവിഷൻ കൗൺസിലറെയോ വൺ ഹെൽത്ത് മെന്ററെയോ അറിയിച്ചാലും മതിയാകും) | റിപ്പോർട്ട് ചെയ്യുന്ന അസാധാരണ സംഭവങ്ങൾ അറിയിക്കേണ്ട തലങ്ങൾ |
|---|---|---|---|
| 1. | കുരങ്ങുകളുടെയും മറ്റ വന്യജീവികളുടെയും മരണം | മൃഗസംരക്ഷണം/വനം | സംസ്ഥാനം, ജില്ല |
| 2. | കോഴി, താറാവ്, തണ്ണീർത്തട പക്ഷികൾ, ദേശാടന പക്ഷികൾ, കാക്കകൾ, പന്നികൾ, നായ്ക്കൾ, മത്സ്യങ്ങൾ എന്നിവയുടെ കൂട്ട മരണം. | മൃഗസംരക്ഷണം/ ഫിഷറീസ് | സംസ്ഥാനം, ജില്ല |
| 3. | പരിക്കേറ്റതോ രോഗ ലക്ഷണമുള്ളതോ ആയ പക്ഷിമൃഗാദികൾ | മൃഗസംരക്ഷണം | തദ്ദേശ സർക്കാർ |
| 4. | കൊതുകിന്റെ ഉറവിടങ്ങൾ. | ആരോഗ്യം | തദ്ദേശ സർക്കാർ |
| 5. | പകർച്ചവ്യാധികൾക്ക് ഉറവിടം ആകാവുന്ന എള്ളക്കെട്ടുള്ള പ്രദേശങ്ങൾ. | തദ്ദേശസ്വയംഭരണം/ ആരോഗ്യം | |
| 6. | കോഴി, താറാവ് മുതലായവ വളർത്തുന്നവർ, അലങ്കാര പക്ഷികളെ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നവർ, രോഗബാധിതരായ പക്ഷികളെ കൊല്ലുന്നതിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നിവരിൽ പനി ജലദോഷം ചുമ തൊണ്ടവേദന തുടങ്ങിയ ലക്ഷണങ്ങൾ. | ആരോഗ്യം | ജില്ല |

| | | | |
|---|---|---|---|
| 7. | അടുത്തടുത്തുള്ള വീടുകളിൽ പനി, ചുമ, ഛർദ്ദിൽ പോലെയുള്ള അസുഖങ്ങൾ ഉണ്ടെന്നുള്ള വിവരം. | ആരോഗ്യം | തദ്ദേശ സർക്കാർ |
| 8. | പന്നി ഫാമുകളുടെ സമീപത്തുള്ള കൊതുകുകളുടെ ഉറവിടങ്ങളും പന്നിക്കുട്ടികളുടെ മരണവും. | മൃഗസംരക്ഷണം / തദ്ദേശസ്വയംഭരണം | ജില്ല |
| 9. | പശു, ആട്, പന്നി തുടങ്ങിയ വളർത്തുമൃഗങ്ങളിലെ ഗർഭഛിദ്രം, കന്നുകാലി കർഷകരിലും കശാപ്പുശാലകളിൽ ജോലിചെയ്യുന്നവരിലും പനിയുടെ ലക്ഷണങ്ങൾ. | മൃഗസംരക്ഷണം | ജില്ല |
| 10. | അടുത്തടുത്തുള്ള വീടുകളിൽ വയറിളക്ക രോഗങ്ങൾ. | ആരോഗ്യം | തദ്ദേശ സർക്കാർ |
| 11. | തുറസ്സായ സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം. | തദ്ദേശസ്വയംഭരണം | തദ്ദേശ സർക്കാർ |
| 12. | വൻതോതിൽ ആളുകൾ ഒത്തുകൂടുന്ന ചടങ്ങുകളും ആഹാരപദാർത്ഥങ്ങളിൽ നിന്നും ശീതളപാനീയങ്ങളിൽ നിന്നും ഭക്ഷ്യവിഷബാധ ഉണ്ടാകാൻ സാധ്യതയുള്ള സാഹചര്യങ്ങളും. | ആരോഗ്യം | തദ്ദേശ സർക്കാർ |
| 13. | ഖര, ദ്രവമാലിന്യങ്ങൾ ശരിയായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യാതിരിക്കുന്നത്. | തദ്ദേശസ്വയംഭരണം | തദ്ദേശ സർക്കാർ |
| 14. | വ്യവസായ സ്ഥാപനങ്ങളിൽ നിന്നും സമൂഹത്തിന്റെ ആരോഗ്യത്തെ ബാധിക്കുന്നവിധത്തിൽ വായു, ജലം, മണ്ണ് എന്നിവയുടെ മലിനീകരണം. | തദ്ദേശസ്വയംഭരണം / മലിനീകരണ നിയന്ത്രണ ബോർഡ് | തദ്ദേശ സർക്കാർ |
| 15. | പ്ലാസ്റ്റിക്ക് മാലിന്യം കത്തിക്കുന്നത്. | തദ്ദേശസ്വയംഭരണം / മലിനീകരണ നിയന്ത്രണ ബോർഡ് | തദ്ദേശ സർക്കാർ |
| 16. | മലിനജലം ജലസ്രോതസ്സുകളിലേക്ക് ഒഴുക്കുന്നത്. | തദ്ദേശസ്വയംഭരണം / മലിനീകരണ നിയന്ത്രണ ബോർഡ് | തദ്ദേശ സർക്കാർ |
| 17. | കുളിക്കുന്നതിനും അലക്കുന്നതിനും മലിനമായതും കെട്ടിക്കിടക്കുന്നതുമായ ജലസ്രോതസ്സുകളുടെ ഉപയോഗം. | തദ്ദേശസ്വയംഭരണം / ആരോഗ്യം | തദ്ദേശ സർക്കാർ |

| | | | |
|---|---|---|---|
| 18. | മനുഷ്യർക്കും മൃഗങ്ങൾക്കുമുള്ള ആന്റിബയോട്ടിക്കുകളുടെ കുറിപ്പടിയില്ലാതെയുള്ള വിൽപ്പന. | ആരോഗ്യം/ ഡ്രഗ്സ് കൺട്രോൾ | തദ്ദേശ സർക്കാർ |
| 19. | നായ, പാമ്പ്, മറ്റ് മൃഗങ്ങൾ എന്നിവയുടെ കടിയേറ്റ സംഭവങ്ങൾ. | ആരോഗ്യം | തദ്ദേശ സർക്കാർ |
| 20. | വന്യമൃഗങ്ങൾ മൂലമുള്ള വിളനാശങ്ങളും മറ്റ് പ്രശ്നങ്ങളും. | തദ്ദേശസ്വയംഭരണം/ വനം | തദ്ദേശ സർക്കാർ |

## സി.ബി.എസ് സംവിധാനം കേരളത്തിൽ

സി.ബി.എസ് ഒരു തുടർപ്രക്രിയയാണ്. സി.ബി.എസിന്റെ ഉടമസ്ഥാവകാശം അതാത് തദ്ദേശ സർക്കാരുകളിൽ നിക്ഷിപ്തമാണ്. ഈ സംവിധാനം സജ്ജമാക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം സംസ്ഥാന ആരോഗ്യ വകുപ്പും സെന്റർ ഫോർ വൺ ഹെൽത്ത് – കേരളയുമായിരിക്കും നൽകുന്നത്. ആരോഗ്യവകുപ്പിനു പുറമേ ഏകാരോഗ്യം പരിപാടിയിൽ പങ്കാളികളായ തദ്ദേശസ്വയംഭരണം, കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, ഫിഷറീസ്, വനം, പരിസ്ഥിതി – കാലാവസ്ഥാവ്യതിയാനം, ഭക്ഷ്യസുരക്ഷ, ജലസേചനം, ഡ്രഗ്സ് കൺട്രോൾ, കേരള സർക്കാർ മലിനീകരണ നിയന്ത്രണ ബോർഡ്, കേരള വാട്ടർ അതോറിറ്റി, കേരള സർക്കാർ ദുരന്ത നിവാരണ അതോറിറ്റി എന്നീ വകുപ്പുകളുടെയും ഏജൻസികളുടെയും വിവിധ സിവിൽ സൊസൈറ്റി ഓർഗനൈസേഷനുകളുടെയും (NGO, CBO, FBO) സഹകരണം സി.ബി.എസ് ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആവശ്യമാണ്.

## സി.ബി.എസ് നടപ്പിലാക്കുന്നതിനായി തദ്ദേശസർക്കാർ തലത്തിൽ പ്രവർത്തിക്കേണ്ടവരും അവരുടെ ഉത്തരവാദിത്തങ്ങളും താഴെക്കൊടുത്തിരിക്കുന്നു.

### കമ്മ്യൂണിറ്റി വളണ്ടിയർ (പമ്പാ നദീതട ജില്ലകൾ ഒഴികെയുള്ള ജില്ലകളിൽ )

ഒരു പ്രദേശത്ത് സി.ബി.എസ് നടപ്പിലാക്കുന്നതിനായി ആ പ്രദേശത്തുതന്നെയുള്ള സന്നദ്ധ പ്രവർത്തകരെ (കമ്മ്യൂണിറ്റി വളണ്ടിയർ) പരിശീലിപ്പിച്ച് വിന്യസിക്കേണ്ടതാണ്. ആരോഗ്യത്തെ ബാധിക്കാവുന്ന സംഭവങ്ങൾ തിരിച്ചറിയുക, ശാസ്ത്രീയമായ രോഗസ്ഥിരീകരണത്തിനും മേൽനടപടികൾക്കുമായി ബന്ധപ്പെട്ട അധികാരികൾക്ക് റിപ്പോർട്ട് ചെയ്യുക എന്നിവയാണ് കമ്മ്യൂണിറ്റി വളണ്ടിയർമാരുടെ പ്രധാന ഉത്തരവാദിത്തങ്ങൾ.

പ്രദേശവാസികളുടെ വിശ്വാസം നേടിയെടുത്ത ഏതൊരു പ്രദേശവാസിക്കും സി.ബി.എസ് സംവിധാനത്തിൽ കമ്മ്യൂണിറ്റി വളണ്ടിയറാകാം. ഒരാൾ സ്വന്തം പ്രദേശത്തെ ജനങ്ങളുമായി ഇടപഴകുന്ന രീതി പരിഗണിച്ചു വേണം അയാളെ കമ്മ്യൂണിറ്റി വളണ്ടിയറായി തിരഞ്ഞെടുക്കുവാൻ. സന്നദ്ധസേവനം ചെയ്യാൻ തയ്യാറുള്ള കുടുംബശ്രീ, ഹരിതകർമ്മസേന, അംഗൻവാടി, പുരുഷസ്വയം സഹായ സംഘം, തൊഴിലുറപ്പ് പരിപാടി, യുവജന ക്ലബ്, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ പ്രവർത്തകർക്കും കൃഷിക്കാർ, സ്കൂൾ വിദ്യാർത്ഥികൾ തുടങ്ങിയവർക്കും കമ്മ്യൂണിറ്റി വളണ്ടിയറായി പ്രവർത്തിക്കാവുന്നതാണ്.

ഒരു തദ്ദേശ സർക്കാർ വാർഡ് / ഡിവിഷൻ പരിധിയിൽ 10 മുതൽ 15 വരെ കമ്മ്യൂണിറ്റി വളണ്ടിയർ മാരെയാണ് തിരഞ്ഞെടുത്ത്, പരിശീലനം നൽകി വിന്യസിക്കേണ്ടത്.

നിലവിൽ ഏകാരോഗ്യം പരിപാടി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പമ്പാ നദീതട ജില്ലകളിൽ വാർഡ് /ഡിവിഷൻ തലത്തിൽ 7 വീതം കമ്മ്യൂണിറ്റി മെന്റർമാരും ഓരോ കമ്മ്യൂണിറ്റി മെന്ററിന്റെ കീഴിലും 7 വീതം കമ്മ്യൂണിറ്റി വളണ്ടിയർമാരും സന്നദ്ധസേവനം നടത്തിവരുന്നുണ്ട്. പമ്പാ നദീതട ജില്ലകളിൽ

ഇവരായിരിക്കും സി ബി എസ് – ന്റെ അടിസ്ഥാനതല പ്രവർത്തന പങ്കാളികൾ. ഇവരെ കൂടാതെ സന്നദ്ധ സേവനം നടത്താൻ താത്പര്യമുള്ള മേൽപ്പറഞ്ഞ വിഭാഗങ്ങളിൽപെട്ടവരെ അതാത് തദ്ദേശ സർക്കാർതല കമ്മിറ്റിയുടെ തീരുമാനപ്രകാരം ഉൾപ്പെടുത്താവുന്നതാണ്.

**ചുമതലകൾ:**

- ഏകാരോഗ്യം, സി.ബി.എസ് എന്നിവയെപ്പറ്റി മനസ്സിലാക്കുക.
- തങ്ങളുടെ ചുറ്റുപാടും അയൽപ്രദേശങ്ങളും നിരന്തരമായി നിരീക്ഷിക്കുകയും ആരോഗ്യത്തെ ബാധിക്കുമെന്ന് കരുതുന്ന അസ്വാഭാവിക സംഭവങ്ങൾ അധികൃതരെ നേരിട്ടോ വാട്ട് സാപ്പ് ഗ്രൂപ്പ് വഴിയോ റിപ്പോർട്ടിങ്ങിനുള്ള മൊബൈൽ ആപ്ലിക്കേഷൻ /ടോൾ ഫ്രീ നമ്പർ തയ്യാറാകുന്ന മുറയിൽ അതുവഴിയോ അറിയിക്കുക.
- ഇടപെടൽ ആവശ്യമാണെന്ന് സ്ഥിരീകരിച്ചാൽ സംസ്ഥാന/ജില്ലാതലത്തിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് നടപ്പാക്കുന്ന പ്രതിരോധ പ്രവർത്തനങ്ങളിൽ ആവുംവിധം പങ്കാളികളാകുക.
- ആരോഗ്യബോധവത്കരണ പ്രവർത്തനങ്ങളിലും ബോധവത്കരണ സോഷ്യൽ മീഡിയ കാമ്പയിനുകളിലും പങ്കാളികളാവുക.
- തങ്ങൾക്കനുവദിച്ച നൽകിയിരിക്കുന്ന പ്രദേശത്തെ വീടുകൾ നിശ്ചിത ഇടവേളകളിൽ സന്ദർശിക്കുകയും രോഗങ്ങൾ, മരണം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുക. ഏത് ആരോഗ്യപ്രശ്നങ്ങളും തങ്ങളെ അറിയിക്കുവാനുള്ള വിശ്വാസവും ബന്ധവും പ്രദേശവാസികളുമായി കാത്തുസൂക്ഷിക്കുക.
- പ്രദേശത്തെ ആരോഗ്യ സംബന്ധമായ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനായി ജനങ്ങൾ കൂട്ടംകൂടിയിരിക്കുന്ന സ്ഥലങ്ങൾ സന്ദർശിക്കുകയും അവിടെ നടക്കുന്ന ചർച്ചകളും സംവാദങ്ങളും ശ്രദ്ധിക്കുകയും ചെയ്യുക.
- തങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഏകാരോഗ്യം പരിപാടിയുടെ പങ്കാളികളായ വകുപ്പുകൾ ആസൂത്രണം ചെയ്യുന്ന പരിശീലന പരിപാടികളിൽ പങ്കെടുക്കുക.

# വൺ ഹെൽത്ത് മെന്റർ

തദ്ദേശ സർക്കാർതലത്തിൽ ഏകാരോഗ്യം പരിപാടിയുടെ നടത്തിപ്പുചുമതല വൺ ഹെൽത്ത് മെന്റർക്കാ ണ്. ഏകാരോഗ്യം പരിപാടിയുടെ നോഡൽ വകുപ്പായ ആരോഗ്യ വകുപ്പിൽ നിന്നാണ് വൺ ഹെൽത്ത് മെന്ററെ തിരഞ്ഞെടുക്കേണ്ടത്. തദ്ദേശ സർക്കാർ പരിധിയിൽ ഏകാരോഗ്യം പരിപാടിയുമായി സഹകരിക്കാൻ താത്പര്യമുള്ള ഹെൽത്ത് ഇൻസ്പെക്ടർ/ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ /ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്/മിഡ് ലെവൽ സർവീസ് പ്രൊവൈഡർ തസ്തികകളിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥരെയാണ് വൺ ഹെൽത്ത് മെന്ററായി നിയോഗിക്കേണ്ടത്. ഓരോ തദ്ദേശ സർക്കാർ പരിധിയിലും ചുരുങ്ങിയത് ഒരു വൺ ഹെൽത്ത് മെന്റർ എങ്കിലും ഉണ്ടായിരിക്കണം. തിരഞ്ഞെടുക്കപ്പെട്ട മുഴുവൻ വൺ ഹെൽത്ത് മെന്റർമാർക്കും ഔപചാരികമായ രീതിയിൽ പരിശീലനം നൽകുകയും തങ്ങളുടെ ചുമതലകളെപ്പറ്റിയും ഉത്തരവാദിത്തങ്ങളെപ്പറ്റിയും ബോധ്യപ്പെടുത്തുകയും വേണം. വൺ ഹെൽത്ത് മെന്റർ തദ്ദേശ സർക്കാർ തല മെഡിക്കൽ ഓഫീസർ / സൂപ്രണ്ടുമായി കൂടിയാലോചിച്ച് പ്രവർത്തിക്കണം. ഇതുകൂടാതെ എല്ലാ വകുപ്പുകളും തദ്ദേശ സർക്കാർ തലത്തിൽ ഒരു ഓഫീസറിന് ഏകാരോഗ്യം പരിപാടിയുടെ ചുമതല നൽകേണ്ടതാണ്.

**ജില്ലാ സർവെയ്‌ലൻസ് ഓഫീസർ ജില്ലയിലെ മുഴുവൻ തദ്ദേശ സർക്കാരുകളും വൺ ഹെൽത്ത് മെന്റർമാരെ തിരഞ്ഞെടുത്തു് നിയോഗിച്ചിട്ടുണ്ടെന്നു ഉറപ്പുവരുത്തണം. വൺ ഹെൽത്ത് നോഡൽ ഓഫീസറിന്റെ നിരന്തര നിരീക്ഷണവും ഇതിനാവശ്യമാണ്.**

**ചുമതലകൾ:**

- വാർഡ് മെമ്പർ / ഡിവിഷൻ കൗൺസിലറുമായി കൂടിയാലോചിച്ച് വാർഡ് / ഡിവിഷൻ തലത്തിൽ 10 മുതൽ 15 പേരെ വരെ തിരഞ്ഞെടുത്ത്, പരിശീലനം നൽകി കമ്മ്യൂണിറ്റി വളണ്ടിയർമാരായി വിന്യസിക്കുക.
- കമ്മ്യൂണിറ്റി വളണ്ടിയർമാർ ഉൾപ്പടെയുള്ള സി.ബി.എസ് പ്രവർത്തന പങ്കാളികളുടെ പരിശീലന ആവശ്യങ്ങളെ നിരന്തരമായി വിലയിരുത്തുകയും മാറിവരുന്ന ആവശ്യങ്ങൾക്കനുസരിച്ചുള്ള പരിശീലനങ്ങൾ അധികാരികളുമായി ആലോചിച്ച് സംഘടിപ്പിക്കുകയും ചെയ്യുക. ഇത്തരം തുടർ പരിശീലനങ്ങൾക്ക് ഔപചാരികരീതി നിർബന്ധമില്ല. മുതിർന്നവർക്ക് ഉതകുന്നവിധം പങ്കാളിത്ത രീതിയിലായിരിക്കണം പരിശീലനങ്ങൾ സംഘടിപ്പിക്കേണ്ടത്.
- രോഗനിരീക്ഷണവും തുടർനടപടികളും നിരീക്ഷിക്കുക, റിപ്പോർട്ടിങ്ങിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി ഫീൽഡ് സന്ദർശിക്കുക.
- കമ്മ്യൂണിറ്റി വളണ്ടിയർമാരുടെ വാട്ട്സാപ്പ് ഗ്രൂപ്പുകൾ ഉണ്ടാക്കുകയും നിരന്തരം അവരുമായി സംവദിക്കുകയും ചെയ്യുക.
- തദ്ദേശ സർക്കാരുകളുടെ സഹകരണത്തോടെ കമ്മ്യൂണിറ്റി വളണ്ടിയർമാരുടെ യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ സംഘടിപ്പിക്കുക. (മാസത്തിൽ ഒരിക്കൽ). സി.ബി.എസ്-ന്റെ പുരോഗതി, പകർച്ചവ്യാധി സ്ഥിരീകരണം, രോഗനിർണ്ണയം, ആവശ്യമായ ഇടപെടൽ എന്നിവ എത്രയും നേരത്തെ നടത്തുന്നതിൽ സി.ബി.എസ് എപ്രകാരമാണ് പങ്കുവഹിക്കുന്നത് തുടങ്ങിയവ യോഗങ്ങളിൽ വിശദീകരിക്കുക.
- റിപ്പോർട്ടിങ്ങ് ഫോർമാറ്റുകൾ തയ്യാറാക്കുകയും സൂക്ഷിക്കുകയും ചെയ്യുക.

- കമ്മ്യൂണിറ്റി വളണ്ടിയർമാർ സന്നദ്ധ സേവനമാണ് കാഴ്ച വയ്ക്കുന്നത് എന്നത് ഓർക്കുകയും അവർക്ക് സഹായകരമാവുന്ന രീതിയിൽ അവരുടെ മേൽനോട്ടം നിർവ്വഹിക്കുകയും പ്രവൃത്തികൾ നിരീക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- കമ്മ്യൂണിറ്റി വളണ്ടിയർമാർ റിപ്പോർട്ടു ചെയ്യുന്ന അസ്വാഭാവിക സംഭവങ്ങൾ ബന്ധപ്പെട്ട വകുപ്പുകളെ അവയുടെ സ്ഥിരീകരണത്തിനും മേൽ നടപടികൾക്കുമായി അറിയിക്കുക. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. വളണ്ടിയർമാർക്ക് ഫീഡ് ബാക്ക് നൽകുക.
- മുഴുവൻ നടപടിക്രമങ്ങളും കൃത്യമായും സമയബന്ധിതമായും പിന്നീടുള്ള പരിശോധനയ്ക്കും വിശകലനത്തിനുമായി രേഖപ്പെടുത്തി വയ്ക്കണം.
- മെഡിക്കൽ ഓഫീസർ/ സൂപ്രണ്ടുമായി ആലോചിച്ചു പ്രവർത്തിക്കുക. ആരോഗ്യ, അനുബന്ധ വകുപ്പുകളിലെ ജീവനക്കാരുടെ സഹകരണം ഉറപ്പാക്കുക

## തദ്ദേശ സർക്കാർ തല മെഡിക്കൽ ഓഫീസർ / സൂപ്രണ്ട്- ചുമതലകൾ

- സി.ബി.എസ് മേൽനോട്ടവും നിരീക്ഷണവും
- തദ്ദേശ സർക്കാർതല ഏകാരോഗ്യം നോഡൽ ഓഫീസറായി വർത്തിക്കുക.
- ഏകാരോഗ്യം കമ്മിറ്റിയുടെ കൺവീനറായി വർത്തിക്കുക. സർക്കാർ ഉത്തരവു പ്രകാരമുള്ള ഏകാരോഗ്യം കമ്മിറ്റി നിശ്ചിത ഇടവേളകളിൽ സംഘടിപ്പിക്കുക, പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക.
- സ്ഥാപനതല മീറ്റിങ്ങുകളിൽ ഏകാരോഗ്യം അജണ്ടയായി ഉൾപ്പെടുത്തി അവലോകനം ചെയ്യുക. സി ബി എസ് –ന്റെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.
- കമ്മ്യൂണിറ്റി വളണ്ടിയർമാർ റിപ്പോർട്ട് ചെയ്യുന്ന അസ്വാഭാവിക സംഭവങ്ങളുടെമേൽ തദ്ദേശ സർക്കാർ തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ ഏകോപിപ്പിക്കുക. അടുത്ത തലത്തിലേക്ക് അറിയിക്കേണ്ടവ അറിയിക്കുകയും ലഭിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായ നടപടികൾ ആസൂത്രണം ചെയ്യുകയും ഏകോപിപ്പിക്കുകയും ചെയ്യുക.
- പങ്കാളികളായ വിവിധ വകുപ്പുകളുമായി വിവരങ്ങൾ പങ്കുവയ്ക്കുക.
- കമ്മ്യൂണിറ്റി വളണ്ടിയർമാരുടെ പരാതികൾ പരിഹരിക്കുന്നതിന് തദ്ദേശ സർക്കാർ തലത്തിൽ സംവിധാനം രൂപീകരിക്കുക.
- നന്നായി പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി വളണ്ടിയറെയും വൺ ഹെൽത്ത് മെന്ററെയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

## ജനകീയ ആരോഗ്യ കേന്ദ്രം - ടീം (JAK) - ചുമതലകൾ

- കമ്മ്യൂണിറ്റി വളണ്ടിയർമാരെ പരിശീലനം നൽകി എൻറോൾ ചെയ്യുക.
- വളണ്ടിയർമാർ തരുന്ന വിവരങ്ങൾ വിശകലനം ചെയ്യുകയും ഇടപെടൽ ആവശ്യമാണോയെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
- വളണ്ടിയർമാരുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക.
- വളണ്ടിയർമാർ നൽകുന്ന വിവരങ്ങൾ ക്രോഡീകരിച്ച് ആഴ്ചയിലൊരിക്കൽ സ്ഥാപനത്തിലെ IDSP / ഇതര അവലോകന യോഗങ്ങളിൽ അവ വിശകലനം ചെയ്ത് റിപ്പോർട്ട് ചെയ്യപ്പെടുന്ന വിവരങ്ങളുടെ പാറ്റേൺ മനസ്സിലാക്കുക.
- വൺ ഹെൽത്ത് മെന്ററുമായി സഹകരിച്ച് പ്രവർത്തിക്കുക.
- സി ബി എസ് –ലൂടെ കണ്ടെത്തുന്ന അസ്വാഭാവിക സംഭവങ്ങൾ, രോഗങ്ങൾ, പ്രശ്നങ്ങൾ തുടങ്ങിയവയ്ക്ക് IDSP പോലെയുള്ള നിരീക്ഷണ സംവിധാനങ്ങളിലൂടെയുള്ള റിപ്പോർട്ടിങ്ങും തുടർനടപടികളും നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക

## മറ്റ് വകുപ്പുകൾ- ചുമതലകൾ

- രോഗനിരീക്ഷണം, രോഗങ്ങൾ/പ്രശ്നങ്ങൾ എത്രയും നേരത്തെ കണ്ടെത്തൽ, ആവശ്യമായ ഇടപെടലുകൾ.
- വകുപ്പുതല സംവിധാനങ്ങൾ ശാക്തീകരിക്കുക, വകുപ്പുതല ഉദ്യോഗസ്ഥർക്ക് ഏകാരോഗ്യം, സി.ബി.എസ് എന്നിവയിൽ പരിശീലനം നൽകുക.
- മറ്റുവകുപ്പുകളുമായുള്ള സഹകരണം ഉറപ്പാക്കുക.
- മറ്റുവകുപ്പുകളുമായി സഹകരിച്ച് പുതിയ സംവിധാനങ്ങൾ രൂപപ്പെടുത്തുക.

കമ്മ്യൂണിറ്റി വളണ്ടിയർമാർ റിപ്പോർട്ട് ചെയ്യുന്ന ഒരു സംഭവംപോലും പ്രാഥമിക പരിശോധന നടത്താതെ അവഗണിക്കരുത്. തദ്ദേശ സർക്കാർതലത്തിൽ തീരുമാനമെടുക്കാനോ നടപടികൾ സ്വീകരിക്കാനോ കഴിയാത്തവ അവയുടെ ഗൗരവ സ്വഭാവം അനുസരിച്ച് ജില്ലാതലത്തിലേക്കോ സംസ്ഥാനതലത്തിലേക്കോ റിപ്പോർട്ട് ചെയ്യുക.

ആരോഗ്യവകുപ്പിൽ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ ഹെൽത്ത് സൂപ്പർവൈസർ ബ്ലോക്ക് തലത്തിലും വൺ ഹെൽത്ത് ജില്ലാ നോഡൽ ഓഫീസർ/ ജില്ലാ സർവെയ്‌ലൻസ് ഓഫീസറുടെ മേൽനോട്ടത്തിൽ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 2 ജില്ലാ തലത്തിലും കമ്മ്യൂണിറ്റി വളണ്ടിയർമാരുടെ ചുമതല വഹിക്കും. ജില്ലാ നോഡൽ ഓഫീസറുടെ സഹായത്തോടെ ജില്ലാ സർവെയ്‌ലൻസ് ഓഫീസർ ആയിരിക്കും സി ബി എസ് –ന്റെ ചുമതല വഹിക്കുന്നത്. സി ബി എസ് –ലൂടെ കണ്ടെത്തുന്ന അസ്വാഭാവിക സംഭവങ്ങൾ, രോഗങ്ങൾ, പ്രശ്നങ്ങൾ തുടങ്ങിയവയ്ക്ക് IDSP പോലെയുള്ള നിരീക്ഷണ സംവിധാനങ്ങളിലൂടെയുള്ള റിപ്പോർട്ടിങ്ങും തുടർനടപടികളും നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

സംസ്ഥാന തലത്തിൽ ഡയറക്ടറേറ്റിനു കീഴിലെ പൊതുജനാരോഗ്യ വിഭാഗത്തിനും ഏകാരോഗ്യം പരിപാടി നടപ്പിലാക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള സെന്റർ ഫോർ വൺ ഹെൽത്ത് – കേരളക്കുമായിരിക്കും സി ബി എസ് –ന്റെ ചുമതല. സി ബി എസ് –ലൂടെ കണ്ടെത്തുന്ന അസ്വാഭാവിക സംഭവങ്ങൾ, രോഗങ്ങൾ, പ്രശ്നങ്ങൾ തുടങ്ങിയവയ്ക്ക് IDSP പോലെയുള്ള നിരീക്ഷണ സംവിധാനങ്ങളിലൂടെയുള്ള തുടർനടപടികളും റിപ്പോർട്ടിങ്ങും നടക്കുന്നുണ്ടെന്ന് സംസ്ഥാനതലത്തിലും ഉറപ്പുവരുത്തേണ്ടതാണ്.

## സി.ബി.എസ്- നടപ്പിലാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ

സി.ബി.എസ് നടപ്പിലാക്കുന്നതിനായുള്ള നടപടികൾ വിവിധ തലങ്ങളിൽ സ്വീകരിക്കേണ്ടതുണ്ട്. ഏകാരോഗ്യം പരിപാടിയും അതിന്റെ ഭാഗമായി തദ്ദേശസർക്കാർ സംവിധാനങ്ങൾ ഉപയോഗിച്ച് സി.ബി.എസ്–ഉം നടപ്പിലാക്കുന്നതിനുള്ള നയപരമായ തീരുമാനം സംസ്ഥാന സർക്കാർ എടുത്തിട്ടുണ്ട്. ആയതു പ്രകാരം **ആരോഗ്യ വകുപ്പാണ് പരിപാടിയുടെ നോഡൽ വകുപ്പ്.** തദ്ദേശ സർക്കാരുകളിൽ സി.ബി.എസ് നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (ടൂൾകിറ്റ്) വിവിധ പ്രവർത്തന പങ്കാളികളുമായി കൂടിയാലോചിച്ച് തയ്യാറാക്കിയിട്ടുണ്ട്. ഏകാരോഗ്യം പരിപാടിക്കായി തയ്യാറാക്കിയിട്ടുള്ള വെബ് പോർട്ടലിൽ സി.ബി.എസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ പുരോഗതി, പ്രവർത്തനങ്ങൾ, പ്രയോജനങ്ങൾ മുതലായവ കാലാകാലം പുതുക്കി അവതരിപ്പിക്കുന്നതിനുള്ള ഡാഷ് ബോർഡും തയ്യാറാക്കും. സി.ബി.എസ് നടപ്പിലാക്കുന്നതിനുള്ള ഫണ്ട് ഉൾപ്പെടെയുള്ള വിഭവങ്ങളും വിവിധ വകുപ്പുകളുടെ ഏകോപനവും സംസ്ഥാനം ഉറപ്പാക്കും.

### ജില്ലാതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ

- ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാതല ഏകാരോഗ്യം കമ്മിറ്റി രൂപീകരിക്കുക. (G.O (Rt)No: 399/2022/H&FWD dated 19.02.2022).

- സി.ബി.എസ് സംവിധാനത്തിന്റെ സംസ്ഥാനതലത്തിൽ തയ്യാറാക്കിയിട്ടുള്ള രൂപരേഖയും നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങിയ ടൂൾകിറ്റ് കൈപ്പറ്റുകയും ആയതു പ്രകാരമുള്ള നിർദ്ദേശങ്ങൾ ഏകാരോഗ്യം നോഡൽ ഓഫീസർമാർക്ക് നൽകുകയും ചെയ്യുക.

- വൺ ഹെൽത്ത് മെൻററർമാരുടെ സഹായത്തോടെ വൺ ഹെൽത്ത് ജില്ലാ നോഡൽ ഓഫീസർമാർ മുഴുവൻ തദ്ദേശ സർക്കാരുകളെയും ബന്ധപ്പെടുകയും സി.ബി.എസ് സംവിധാനത്തിന്റെ ലക്ഷ്യം, നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്നിവയെപ്പറ്റി വിശദീകരിക്കുകയും തദ്ദേശ സർക്കാർ അദ്ധ്യക്ഷന്മാർക്ക്/സെക്രട്ടറിമാർക്ക് ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ (ടൂൾകിറ്റ്) കൈമാറുകയും ചെയ്യുക.

- സി.ബി.എസ്, അതിന്റെ നടപ്പിലാക്കൽ, അതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ, വിഭവങ്ങളുടെ ലഭ്യത എന്നിവ സംബന്ധിച്ച് വിശദീകരണ യോഗങ്ങൾ മെഡിക്കൽ ഓഫീസർമാർ, പൊതുജനാരോഗ്യ പ്രവർത്തകർ, വൺ ഹെൽത്ത് മെന്റർമാർ എന്നിവർക്കായി സംഘടിപ്പിക്കുക.

- ജില്ലാ കളക്ടർ, ആരോഗ്യ വകുപ്പിലെ ജില്ലാ സർവെയ്‌ലൻസ് ഓഫീസറുടെ നേതൃത്വത്തിലുള്ള ജില്ലാതല സർവെയ്‌ലൻസ് കമ്മിറ്റി രൂപീകരിക്കുകയും ഇത് രോഗനിർണ്ണയം, ഇടപെടൽ മുതലായവയ്ക്കാവശ്യമായ വിവിധ വകുപ്പുകളുടെ വിവരങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള വേദിയായി വർത്തിക്കുകയും ചെയ്യുക.

- ജില്ലാതലത്തിൽ സി.ബി.എസ് പുരോഗതി വിലയിരുത്തുകയും വേണ്ട പിന്തുണ തദ്ദേശ സർക്കാരുകൾക്ക് നൽകുകയും ചെയ്യുക. മെഡിക്കൽ ഓഫീസർമാരുടെ പ്രതിമാസ അവലോകനത്തിലും സി.ബി.എസ് ഉൾപ്പെടുത്തേണ്ടതാണ്.

- തദ്ദേശസർക്കാരുകളുടെ ആഭ്യന്തരനടപടികൾക്കായി വകയിരുത്തിയ വിഭവങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സമയബന്ധിതമായി നല്കുക.

## തദ്ദേശ സർക്കാരുകൾ സ്വീകരിക്കേണ്ട നടപടികൾ

തദ്ദേശസർക്കാരുകളിൽ സ്വീകരിക്കേണ്ട നടപടികളും സി ബി എസ് സംവിധാനത്തെ വിലയിരുത്താനുള്ള സൂചകങ്ങളും താഴെ കൊടുത്തിരിക്കുന്നു.

| നം. | നടപടികൾ | സൂചകങ്ങൾ | സ്ഥിരീകരണ മാർഗ്ഗങ്ങൾ |
|---|---|---|---|
| 1 | ജില്ലാതല ഉദ്യോഗസ്ഥർ/ വൺ ഹെൽത്ത് മെൻ്ററർമാർ തദ്ദേശസർക്കാരുകൾ സന്ദർശിച്ച് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സി ബി എസ് സംവിധാനം നടപ്പിലാക്കേണ്ടതിൻ്റെ ആവശ്യകതയെക്കുറിച്ച് വിശദീകരിച്ചു നല്കുക. | തദ്ദേശസർക്കാർ തലത്തിൽ നടത്തിയ മീറ്റിങ്ങുകളുടെ എണ്ണം | മീറ്റിങ്ങിൻ്റെ മിനുറ്റ്സ്, ഫോട്ടോ |
| 2 | തദ്ദേശസർക്കാർ ഭരണസമിതി സി ബി എസ് നടപ്പിലാക്കുന്നതിനുള്ള തീരുമാനം എടുക്കുക. | സി ബി എസ് നടപ്പിലാക്കുക എന്നത് അജണ്ടയാക്കിയ ഭരണസമിതി യോഗം കൂടുക. പ്രസ്തുതയോഗത്തിൽ തദ്ദേശസർക്കാർതല ഏകാരോഗ്യം നോഡൽ ഓഫീസറായി പി എച്ച് സി മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തുക | മിനുറ്റ്സ്, ഫോട്ടോ |
| 3 | മുഴുവൻ തദ്ദേശ സർക്കാർതല ജനപ്രതി നിധികൾക്കും ഉദ്യോഗസ്ഥർക്കും ജില്ലാതല ടീമിൻ്റെ നേതൃത്വത്തിൽ സി.ബി.എസ് നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശീലനം നൽകുക. | നടത്തിയ പരിശീലന പരിപാടികളുടെ എണ്ണം | റിപ്പോർട്ട്, അറ്റൻ്റൻസ് & ഫോട്ടോ |
| 4 | നിലവിലുള്ള സർക്കാർ ഉത്തരവിൻ്റെ അടിസ്ഥാനത്തിൽ തദ്ദേശ സർക്കാർതല ഏകാരോഗ്യം കമ്മിറ്റി രൂപീകരിക്കുകയും മീറ്റിങ്ങ് നടത്തുകയും ചെയ്യുക. | നടത്തിയ കമ്മറ്റി മീറ്റിങ്ങുക ളുടെ എണ്ണം | മിനുറ്റ്സ്, ഫോട്ടോ |
| 5 | ആരോഗ്യ വകുപ്പിൽ നിന്നും വൺഹെൽത്ത് മെൻ്റർമാരെ ഓരോ തദ്ദേശ സർക്കാരും തിരഞ്ഞെടുക്കുക. (ചുരുങ്ങിയത് ഒരാൾ) | തിരഞ്ഞെടുത്ത് പരിശീലനം നൽകി എൻറോൾ ചെയ്ത വൺ ഹെൽത്ത് മെൻ്റർമാരുടെ എണ്ണം. | തദ്ദേശ സർക്കാർ തല വൺ ഹെൽത്ത് മെൻ്റർമാരായി നിയോഗിച്ച് കൊണ്ടുള്ള ആരോഗ്യ വകുപ്പിൻ്റെ ഔദ്യോഗിക കത്ത് |

| | | | |
|---|---|---|---|
| 6 | വാർഡ്/ഡിവിഷൻ തലത്തിൽ കമ്മ്യൂണിറ്റി വളണ്ടിയർമാരെ തിര ഞ്ഞെടുക്കുക. (പമ്പാ നദീതട ജില്ലകൾ ഒഴികെയുള്ള ജില്ലകളിൽ). | തിരഞ്ഞെടുത്ത് പരിശീലനം നൽകി എൻറോൾ ചെയ്ത കമ്മ്യൂണിറ്റി വളണ്ടിയർമാരുടെ എണ്ണം | വാർഡ്/ഡിവിഷൻ തല കമ്മ്യൂണിറ്റി വളണ്ടിയർമാരുടെ ലിസ്റ്റ് |
| 7 | കമ്മ്യൂണിറ്റി വളണ്ടിയർമാർക്ക് (പമ്പാ നദീതട ജില്ലകളിൽ കമ്മ്യൂണിറ്റി മെൻ്ററർമാർക്കും) സി.ബി.എസ്, റിപ്പോർട്ടിങ്ങ് രീതി എന്നിവയിൽ പരിശീലനം നൽകുക. | സംഘടിപ്പിച്ച പരിശീലന പരിപാടികളുടെ എണ്ണം | റിപ്പോർട്ട്, ഫോട്ടോ |
| 8 | കമ്മ്യൂണിറ്റി വളണ്ടിയർമാരെ (പമ്പാ നദീതട ജില്ലകളിൽ കമ്മ്യൂണിറ്റി മെൻ്ററർമാരെയും) ഉൾപ്പെടുത്തി ക്കൊണ്ടുള്ള വാട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിക്കുക. | വാട്സാപ്പ് ഗ്രൂപ്പുകളുടെ എണ്ണം | ഗ്രൂപ്പുകൾ കൈമാറ്റം ചെയ്ത സന്ദേശങ്ങൾ |
| 9 | കമ്മ്യൂണിറ്റി വളണ്ടിയർമാർക്ക് (പമ്പാ നദീതട ജില്ലകളിൽ കമ്മ്യൂണിറ്റി മെൻ്ററർമാർക്കും) ആരോഗ്യത്തെ ബാധിക്കുന്ന അസ്വാഭാവിക സംഭവങ്ങളും രോഗലക്ഷണങ്ങളും കണ്ടെത്തുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള റിപ്പോർട്ടിങ്ങ് ചാനൽ രൂപപ്പെടുത്തുക. | റിപ്പോർട്ടിങ്ങ് ചാനൽ, കമ്മ്യൂണിറ്റി വളണ്ടിയർമാർ/കമ്മ്യൂണിറ്റി മെൻ്റർമാർ വഴി റിപ്പോർട്ട് ചെയ്യപ്പെട്ട സംഭവങ്ങളുടെ എണ്ണം | രജിസ്റ്റർ |
| 10 | ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ വളണ്ടിയർമാരുടെ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുക. (മാസത്തിൽ ഒരു തവണ അല്ലെങ്കിൽ ആവശ്യമനുസരിച്ച്) | അവലോകന യോഗങ്ങളുടെ എണ്ണം. | മിനിറ്റ്സ്, ഫോട്ടോ |
| 11 | കമ്മ്യൂണിറ്റി വളണ്ടിയർമാർ /കമ്മ്യൂണിറ്റി മെൻ്റർമാർ (പമ്പാ നദീതട ജില്ലകളിൽ) തങ്ങളുടെ പരിസര പ്രദേശങ്ങൾ നിരന്തരം നിരീക്ഷിക്കുകയും അസ്വാഭാവിക സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുകയും ചെയ്യുക. | കമ്മ്യൂണിറ്റി വളണ്ടിയർമാർ/ കമ്മ്യൂണിറ്റി മെൻ്റർമാർ റിപ്പോർട്ട് ചെയ്യുന്ന സംഭവങ്ങളുടെ എണ്ണം | രജിസ്റ്റർ |
| 12 | തദ്ദേശ സർക്കാർ/ഏകാരോഗ്യം കമ്മിറ്റി/ആരോഗ്യ, അനുബന്ധ വകുപ്പ് അധികാരികൾ റിപ്പോർട്ട് ചെയ്യുന്ന സംഭവങ്ങളുടെമേൽ വേണ്ട നടപടികൾ സ്വീകരിക്കുക. | മേൽ നടപടികൾ ആവശ്യ മാണെന്ന് സ്ഥിരീകരിച്ച സംഭവങ്ങളുടെ എണ്ണം, നടത്തിയ സംയുക്ത രോഗവ്യാപന അന്വേഷണ ങ്ങളുടെ എണ്ണം, ലാബ് ഇൻവെസ്റ്റിഗേഷനുകളുടെ എണ്ണം. | റിപ്പോർട്ട്, ഫോട്ടോ |

## സി ബി എസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശസർക്കാർ തലത്തിൽ സ്ഥിരമായി നടത്തേണ്ട പ്രവർത്തനങ്ങൾ

| നം | പ്രവർത്തനങ്ങൾ | ആവൃത്തി & സൂചകങ്ങൾ | ഉത്തരവാദിത്ത പ്പെട്ട ഓഫീസർ | നിർദ്ദേശങ്ങൾ |
|---|---|---|---|---|
| 1 | കാലാനുസൃതമായി പ്രദേശത്ത് ഉണ്ടാകാവുന്ന അപകടസാദ്ധ്യത കളും ദുരന്തസാദ്ധ്യതകളും അടയാളപ്പെടുത്തുന്നതിനുള്ള (മാപ്പിങ്ങ് ) പ്രവർത്തനം (PHRM പീരിയോഡിക് ഹസാർഡ് & റിസ്ക് മാപ്പിങ്ങ് എക്സർസൈസ്).<br>ഒരു പ്രദേശത്ത് ഈ പ്രവർത്തനം നടത്തുന്നതിന് മുന്നോടിയായി ആ പ്രദേശത്ത് കാണപ്പെടുന്ന രോഗങ്ങളെ പ്പറ്റിയും അവ ഉണ്ടാകുന്ന സമയങ്ങളെപ്പറ്റിയും വ്യക്തമായ ധാരണയുണ്ടാക്കി യിരിക്കണം.അനുബന്ധവകുപ്പ കളും പ്രസ്തുത പ്രദേശത്തെ തങ്ങളുടെ വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ മാപ്പിങ്ങ് നടത്തേണ്ടതാണ്. | മൂന്നുമാസത്തി ലൊരിക്കൽ<br>• PHRM നടപടികൾ പൂർത്തിയായാ ൽ റിപ്പോർട്ട് ജില്ലാ സർവെയ്‌ലൻ സ്ഓഫീസർക്ക് (DSO)കൈമാറു ക.<br>• ഡി എസ് ഒ മറ്റ് വകുപ്പകളിലെ ഉദ്യോഗസ്ഥരു ടെ മീറ്റിങ്ങ് വിളിക്കുകയും റിപ്പോർട്ട് വിശദീകരിക്കുക യും ചെയ്യുക | പി എച്ച് സി മെഡിക്കൽ ഓഫീസർ,<br>അനുബന്ധവക പ്പുകളിലെ തദ്ദേശ സർക്കാർതല തലവന്മാർ | PHRM പ്രക്രിയയിൽ അനുബന്ധ വകുപ്പകളുടെ പങ്കാളിത്തം ഉറപ്പവരുത്തുകയും ഓരോ വകുപ്പും ലഭിച്ച വിവരങ്ങൾ മറ്റ് വകുപ്പുകളുമായി പങ്കുവയ്ക്കുകയും വേണം. പ്രദേശത്തെ ഹോട്ട് സ്പോട്ടുകൾ പ്രത്യേകമായി അടയാളപ്പെടുത്തി നിരീക്ഷിക്കണം |
| 2 | കമ്മ്യൂണിറ്റി വളണ്ടിയർമാരുടെ (പമ്പാ നദീതട ജില്ലകളിൽ കമ്മ്യൂണിറ്റി മെന്റർമാരുടെയും) സജീവ പങ്കാളിത്തം ഉറപ്പാക്കുക.<br>ചെയ്യുന്ന പ്രവർത്തനത്തിനനുസൃതമായി അഭിനന്ദിക്കുന്നതും അംഗീകരിക്കുന്നതും കമ്മ്യൂണിറ്റി വളണ്ടിയർമാരുടെ ഉത്സാഹം നിലനിർത്താനും ഏകാരോഗ്യവുമായി ബന്ധപ്പെട്ട ഫലപ്രദമായ പ്രവർത്തനങ്ങൾക്കും അത്യാവശ്യമാണ്. | നിരന്തരമായ പ്രവർത്തനം<br>• രൂപീകരിച്ച വാട്സാപ്പ് ഗ്രൂപ്പകളുടെ എണ്ണം<br>• നടത്തിയ പരിശീലന പരിപാടികളുടെ എണ്ണം | വൺ ഹെൽത്ത് മെന്റർ | കമ്മ്യൂണിറ്റി വളണ്ടിയർമാരും JAK ടീം, ആശ, എം ജി എൻ ആർ ഇ ജി എ വർക്കർ തുടങ്ങിയവരുമായുള്ള ബന്ധം ഉറപ്പിക്കുക. കമ്മ്യൂണിറ്റി വളണ്ടിയർമാർക്കുള്ള പരിശീലനം ചെറിയ ഗ്രൂപ്പകളിലോ വ്യക്തിക്ക് നേരിട്ടോ നല്ലാവുന്നതാണ്. ഔപചാരികമായ രീതിയിൽ വേണമെന്ന് നിർബന്ധമില്ല. |

| | | | | |
|---|---|---|---|---|
| 3 | പ്രദേശത്തുള്ള പകർച്ചവ്യാധി സാദ്ധ്യതകളെക്കുറിച്ചും ആവശ്യമായ ഇടപെടലുകളെക്കുറിച്ചും ചർച്ച ചെയ്യുന്നതിനും സഹകരണം ഉറപ്പാക്കുന്നതിനുമായി നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻ (എൻ.ജി.ഒ.), ഫെയ്ത് ബേസ്ഡ് ഓർഗനൈസേഷൻ (എഫ്.ബി.ഒ.), കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേഷൻ (സി.ബി.ഒ.) തുടങ്ങിയ തദ്ദേശസർക്കാർ തലത്തിലുള്ള സംഘടനകളുടെ ഏകോപനയോഗം കൂടുക.<br>അനുബന്ധവകുപ്പകളെ സംബന്ധിക്കുന്ന പ്രശ്നങ്ങൾകൂടി യോഗത്തിൽ ചർച്ച ചെയ്യേണ്ടതാണ്. | വാർഡ്/ഡിവിഷൻ തലത്തിൽ മൂന്നുമാസത്തിലൊരിക്കൽ | പി എച്ച് സി മെഡിക്കൽ ഓഫീസർ, മറ്റുവകുപ്പുകളുടെ തദ്ദേശ സർക്കാർതല തലവന്മാർ | മീറ്റിങ്ങിൽ പ്രദേശത്തുള്ള മുഴുവൻ സംഘടനകളെയും പങ്കെടുപ്പിക്കുകയും വിവരങ്ങൾ പങ്കുവയ്ക്കുകയും വേണം |
| 4 | കമ്മ്യൂണിറ്റി വളണ്ടിയർമാരുടെയും മറ്റ് വിവരദാതാക്കളുടെയും അവലോകന യോഗങ്ങൾ | വാർഡ്/ ഡിവിഷൻ തലത്തിൽ മാസത്തിലൊരിക്കൽ (ആവശ്യമെങ്കിൽ കൂടുതൽ തവണ) | വൺ ഹെൽത്ത് മെന്റർമാർ | ഇത്തരം മീറ്റിങ്ങുകൾ സൗകര്യമുള്ള സ്ഥലത്ത് നടത്താവുന്നതാണ് (ഉദാ; അംഗൻവാടി, സബ് സെന്റർ, സ്കൂളുകൾ).<br>ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുകയുമാണ് ഉദ്ദേശം. |
| 5 | രോഗപ്രതിരോധ വിദ്യാഭ്യാസവും ആരോഗ്യസംരക്ഷണ പരിപാടികളും<br>PHRM – ൽ ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം പരിപാടിയുടെ വിഷയങ്ങൾ തിരഞ്ഞെടുക്കേണ്ടതും | വാർഡ്/ഡിവിഷൻ തലത്തിൽ മാസത്തിലൊരിക്കൽ (ആവശ്യമെങ്കിൽ കൂടുതൽ തവണ) | പൊതുജനാരോഗ്യം കൈകാര്യം ചെയ്യുന്ന പി എച്ച് സി – യിലെയും മറ്റ് വകുപ്പുകളിലെയും ഉദ്യോഗസ്ഥർ | ലഭ്യമായ പഠനസാമഗ്രികൾ/ ബോധവത്ക്കരണ സാമഗ്രികൾ ഉപയോഗപ്പെടുത്തിയാവണം ക്ലാസ്സുകൾ കൈകാര്യം ചെയ്യേണ്ടത്. ആവശ്യമെങ്കിൽ സ്റ്റേറ്റ്– ജില്ലകളുടെ |

| | | | | |
|---|---|---|---|---|
| | ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിക്കേണ്ടതും. | | | സാങ്കേതിക സഹായം ലഭ്യമാക്കണം. |

സംസ്ഥാന, ജില്ലാതല യൂണിറ്റുകളുടെ സഹായത്തോടെ കേരളത്തിലെ തദ്ദേശസർക്കാരുകളിൽ സി ബി എസ് സംവിധാനം നടപ്പിലാക്കുന്നതിനായിട്ടാണ് ഈ ടൂൾകിറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആദ്യഘട്ടത്തിൽ പമ്പാ നദീതട ജില്ലകളായ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ നടപ്പിലാക്കിയ ഏകാരോഗ്യം പരിപാടിയിൽ നിന്നുള്ള അനുഭവങ്ങളും പഠനങ്ങളുമാണ് ഈ ടൂൾകിറ്റിന്റെ അടിസ്ഥാനം. ഭാവിയിൽ മുഴുവൻ തദ്ദേശ സർക്കാരുകളിലും സി ബി എസ് സംവിധാനം നടപ്പിലാക്കിക്കഴിയുമ്പോൾ ഈ മേഖലയിൽ പുതിയ തിരിച്ചറിവുകൾ ഉണ്ടാവുകയും സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണ സംവിധാനത്തിന്റെ സാദ്ധ്യതകൾ വർദ്ധിക്കുകയും അതിനനുസൃതമായി ഈ ടൂൾകിറ്റിൽ മാറ്റങ്ങൾ വരുത്തുകയും ചെയ്യാവുന്നതാണ്.

***